"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- സംയോജിതശിശുവികസന സേവന പദ്ധതി- പാറശ്ശാല ഐ സി ഡി എസ് പ്രൊജക്റ്റിലെ അങ്കണവാടി വർക്കർ ശ്രീമതി. അജിത പി-യ്ക്ക് ഗർഭാശയം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് ഓണറേറിയത്തോടുകൂടിയ അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.97/2024/WCDD തീയതി,തിരുവനന്തപുരം, 11-03-2024

---

പരാമർശം:-

1. ശ്രീമതി. അജിത പി, അങ്കണവാടി വർക്കർ, പാറശ്ശാല ഐ സി ഡി എസ് പ്രൊജക്റ്റ്-ന്റെ അപേക്ഷ, തീയതി. 09/05/2023
2. വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ 25/08/2023-ലെ DWCD/3803/2023-ICDSB6 നമ്പർ കത്ത്

**ഉത്തരവ്**

ഗർഭാശയം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഓണറേറിയത്തോടു കൂടിയ അവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സൂചന (1) പ്രകാരം പാറശ്ശാല ഐ സി ഡി എസ് പ്രൊജക്റ്റിലെ അങ്കണവാടി വർക്കർ ശ്രീമതി. അജിത പി അപേക്ഷ സമർപ്പിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലാ വനിതാശിശു വികസന ഓഫീസർ മുഖേന ലഭിച്ച പ്രസ്തുത അപേക്ഷയും അനുബന്ധ രേഖകളും, മറ്റു ജീവനക്കാർ ഹിസ്റ്ററക്ടമിക്ക് വിധേയരാകുമ്പോൾ 45 ദിവസം ശമ്പളത്തോടു കൂടിയ അവധി അനുവദിക്കുന്നതു പോലെ ശ്രീമതി. അജിത പി-യ്ക്കും മാനുഷിക പരിഗണന നൽകി 21/04/2023 മുതൽ 45 ദിവസത്തെ ഓണറേറിയത്തോടു കൂടിയുള്ള അവധി അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് സൂചന (2) പ്രകാരം വനിതാശിശുവികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ, പാറശ്ശാല ഐ സി ഡി എസ് പ്രൊജക്റ്റിലെ അങ്കണവാടി വർക്കർ ശ്രീമതി. അജിത പി-യ്ക്ക് ഗർഭാശയം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണനയും നിലവിലുള്ള നിയമാവലിയിൽ ഇളവും നൽകി 18/04/2023 മുതൽ 45 ദിവസത്തെ ഓണറേറിയത്തോടു കൂടിയുള്ള അവധി അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ.M.S.
അണ്ടർ സെക്രട്ടറി

വനിതാശിശുവികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ജില്ലാ വനിതാശിശുവികസന ഓഫീസർ, തിരുവനന്തപുരം
ശിശുവികസന പദ്ധതി ഓഫീസർ, പാറശ്ശാല ഐ സി ഡി എസ് പ്രൊജക്റ്റ്
ശ്രീമതി. അജിത പി, അങ്കണവാടി വർക്കർ, പാറശ്ശാല ഐ സി ഡി എസ് പ്രൊജക്റ്റ് (ശിശുവികസന പദ്ധതി ഓഫീസർ മുഖേന)
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 11-03-2024 13:20:57